MR. K. SANKARAN : ഗവണ്മെൻറിൽനിന്നും പല നടപടികളും നടത്തിയിട്ടുണ്ട്. ആദ്യമായി ചില നിർണ്ണയിച്ചു നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുണ്ട്. സെൻട്രൽ ഫുട്ട കൺട്രോൾബോർഡ്, ഡിവിഷൻബോർഡ്, താലൂക്കുബോർഡ് ഇവകഠം ഏർപ്പെടുത്തി ഉദ്യോഗസ്ഥന്മാരെയും അനുദ്യോഗസ്ഥന്മാരെയും അതിൽ മെമ്പറന്മാരായി നിയമിച്ചിട്ടുണ്ട്. അതാതു സ്ഥലങ്ങളിലെ കച്ചവടക്കാർ അമിതമായ ലാഭം എടുക്കുന്നുണ്ടോഎന്ന് ഈ കമ്മിറ്റിക്കാർ ഗവണ്മെൻറിലേക്കു റിപ്പോർട്ട് അയക്കേണ്ടതും അവർ അമിതമായ ലാഭം എടുക്കുന്നു എന്നു കാണുന്ന പക്ഷം ഗവണ്മെൻറു അതിന്മേൽ വേണ്ട നടപടി നടത്തുന്നതുമാണ്. ക്രടാതെ ഗവണ്മെൻറിൽനിന്നും തന്നെ കുറെ അരി വാങ്ങി വില്പനനടത്തുകയുംചെയ്തിട്ടുണ്ട്.

MR. A. K. KUMARAN VAIDYAN : പറവൂർ താലൂക്കിലുള്ള കമ്മിറ്റി ജോലിചെയ്യുന്നുണ്ടോ?

MR. K. SANKARAN : എല്ലാ കമ്മിറ്റിയും ജോലിചെയ്യുന്നുണ്ടെന്നാണു ഗവണ്മെൻറിന്റെ ബോദ്ധ്യം. പറവൂരിൽനിന്നു പ്രത്യേകമായി റിപ്പോർട്ടുകിട്ടാതിരിക്കുന്നിടത്തോളം കാലം അവിടെ വലിയ ജോലിയില്ല എന്നനുമാനിക്കാം.

MR. A. K. KUMARAN VAIDYAN : കമ്മിറ്റിപ്രസിഡൻറ് സാധാരണയോഗം വിളിച്ചുകൂട്ടാറില്ലേ?

MR. K. SANKARAN : ആവശ്യമുള്ള സമയത്തല്ലാതെ എപ്പോഴും കമ്മിറ്റി യോഗം വിളിച്ചുകൂട്ടണമെന്നു ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടില്ല.

MR. A. K. KUMARAN VAIDYAN : ഇപ്പോഠം വില വർദ്ധിച്ചിരിക്കുന്ന സമയമായതുകൊണ്ട് പറവൂർതാലൂക്കിൽ കമ്മിറ്റി വിളിച്ചുകൂട്ടണമെന്നു പ്രസിഡൻറിനോടു ഗവണ്മെൻറു നിർദ്ദേശിക്കുമോ?

MR. K. SANKARAN : പറവൂർതാലൂക്കിലെ കമ്മിറ്റിയോടു പ്രത്യേകമായി നിർദ്ദേശിക്കേണ്ട ആവശ്യമില്ല.

MR. K. P. KOCHUKORA THARAKAN : കമ്മിറ്റി പ്രവർത്തനം നിറുത്തിവയ്ക്കണമെന്നു വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

MR. K. SANKARAN : അങ്ങനെ ഒരു നിർദ്ദേശവും കിട്ടിയിട്ടില്ല.

*Aruvikara-Vellanad Road.*

377. * MR. M. RAMIAH PILLAI (*Chirayinkil* cum *Nedumangad*) : Will the Government be pleased to state :

(*a*) what steps have been taken for the construction of the Aruvikara-Vellanad road ; and

(*b*) if no steps have been taken, the reasons therefor ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. J. THOMAS (*Deputy Chief Engineer*): (a) No steps have been taken.

(*b*) Since the road is one to be opened by the ryots under Ryots Road Rules.

*Other Hindus and Other Specified Hindus.*

378. *MR. KAVIYOOR K. K. KOCHUKUNJU (*Nominated*): Will the Government be pleased to name the communities transferred from the head "Other Hindus" to that of "Other Specified Hindus?"

MR. C. S. LAKSHMANAN PILLAI (*Ag. Public Service Commissioner*): No community has been transferred from the head "Other Hindus" to that of "Other Specified Hindus".

MR. KAVIYOOR K. K. KOCHUKUNJU : അമ്പലവാസികളെ അദർ ഹിന്തുക്കളിൽനിന്നും മാറി പബ്ളിക്കു സർവീസ് പ്രാതിനിദ്ധ്യത്തിൽ പ്രത്യേകം പരിഗണന നൽകിയിട്ടുണ്ടോ?

MR. C. S. LAKSHMANAN PILLAI : 'അമ്പലവാസികൾ' അദർഹിന്തുക്കളിൽ ഉൾപ്പെട്ടവരല്ല.

MR. KAVIYOOR K. K. KOCHUKUNJU : മറ്റു ഹിന്തുക്കളുടെ ഇടയിൽ എതു ന്യൂനപക്ഷസമുദായം ഉണ്ടെന്നു പറയാമോ?

MR. C. S. LAKSHMANAN PILLAI : പറയാം. അരയൻ, ചെട്ടി, കാണിക്കാരൻ, കുണ്ണൻവക, കുടുമി, മലഉരാളി, മലയരയൻ, മരയ്ക്കാൻ, മറവൻ, പരവൻ, പള്ളൻ, ചാലിയൻ, തണ്ടാൻ, വാലൻ, വേലൻ, വാണിയൻ, വണ്ണാൻ, വിളക്കിത്തലനായർ, വേളാൻ, വെളുത്തേടത്തുനായർ, വേടൻ, വീരശൈവർ (പണ്ടാരം), യാദവൻ, ഇതൊക്കെയാണ്.

MR. K. P. KOCHUKORA THARAKAN : അപേക്ഷകളിൽ ഈ അവാന്തരവിഭാഗങ്ങളെ കാണിക്കണമെന്നുണ്ടോ?

MR. C. S. LAKSHMANAN PILLAI : അദർഹിന്തു എന്നു മാത്രം എഴുതിയാലും മതി. അവാന്തരവിഭാഗങ്ങൾകൂടി കാണിക്കുകയാണെങ്കിൽ അതു നല്ലതുതന്നെ.

MR. K. P. KOCHUKORA THARAKAN : അവാന്തരവിഭാഗങ്ങൾ കാണിച്ചില്ലെങ്കിൽ ഓരോ സമുദായത്തിനും ലഭിച്ചിട്ടുള്ള പ്രാതികൂല്യവും ആനുകൂല്യവും കണ്ടുപിടിക്കുവാൻ വിഷമം ഉണ്ടാകുകയില്ലേ?

MR. C. S. LAKSHMANAN PILLAI : ഇതുവരെ ഒരു വിഷമവും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly